കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത്

2015-16

# ഓഡിറ്റ് റിപ്പോർട്ട്

തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം. കെ.എസ്.എ.ടി.എസ്.ആർ(പി.5)2129/2016


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ:680 020

ഫോൺ: 0487 2331249

Email: dotsr.ksad@kerala.gov.in


തിയതി: 05.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വെങ്കിടങ്ങ് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
3)കാര്യാലയ പകർപ്പ്

തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ

2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.5.2015 മുതൽ 1.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.3.2016 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 2.11.2016 മുതൽ 11.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ എൻ.സതീശൻ, | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീ പി.ജി.സദാനന്ദൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി വിദ്യാ വിക്രമൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ജിഷ.കെ.ടി. | ഓഡിറ്റർ ട്രെയിനി |

| | | |
|---|---|---|
| | | (8.11.16 മുതൽ 11.11.2016 വരെ) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ കെ.എ.സത്യൻ | 01.04.2015മുതൽ31.10.2015വരെ |
| | ഭരണനിർവ്വഹണ കമ്മിറ്റി | 02.11.2015മുതൽ13.12.2015വരെ |
| | രതി എം ശങ്കർ | 14.12.2015മുതൽ31.03.2016വരെ |
| സെക്രട്ടറി | ശ്രീ കെ.വി അനംഗദാസൻ | 01.04.2015മുതൽ05.02.2016വരെ |
| | ശ്രീ എം.ജയൻ (ഇൻ ചാർജ്) | 06.02.2016മുതൽ31.03.2016വരെ |

(ബി). നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ എം.ജയൻ | 01.04.2015മുതൽ 31.03.2016വരെ |
| കൃഷി ഓഫീസർ | ശ്രീ വിവെൻസി,എ.ജെ. | 01.04.2015മുതൽ 31.03.2016വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | രാജീവ് പി.ഡി. | 01.04.2015മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.അഞ്ജലി വിജയൻ | 01.04.2015മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.പ്രീതി,എം,പി, | 01.04.2015മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.എ.എ.സുഹാന | 01.04.2015മുതൽ 31.03.2016വരെ |
| വെറ്ററിനറി സർജൻ | ഡോ.ഹരീഷ് | 01.04.2015മുതൽ 31.03.2016വരെ |
| പ്രധാന അധ്യാപിക, ജീ.യു.പി.എസ്, കുണ്ടഴിയൂർ | ശ്രീമതി ശാന്ത ടി.കെ. | 01.04.2015മുതൽ 31.03.2016വരെ |
| വി.ഇ.ഒ വെങ്കിടങ്ങ് സർക്കിൾ | ശ്രീമതി സോഫിയ സി.ടി | 01.04.2015മുതൽ 24.07.2015വരെ |
| | ശ്രീമതി ശ്രീദേവി.എസ്.കെ. | 25.07.2015മുതൽ 31.03.2016വരെ |

| | | |
|---|---|---|
| വി.ഇ.ഒ പാട്ടൂർ സർക്കിൾ | ശ്രീ ലിന്റോ.ഇ.എൽ | 01.04.2015 മുതൽ 31.03.2016വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ബിന്ദു | 01.04.2015മുതൽ 06.08.2015വരെ |
| | ശ്രീമതി പ്രേമ | 07.08.2015 മുതൽ 30.12.2015 വരെ |
| | ശ്രീമതി ഉഷ.കെ.എസ്. | 30.12.2015 മുതൽ 31.03.2016 വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| ഭാഗം-2 | | |
| 11 | മൊബൈൽ ടവറുകൾക്ക് കെട്ടിട നികുതി ഈടാക്കുന്നില്ല | 2-1 |
| 12 | ഷോപ്പിങ്ങ് കോംപ്ലക്സ് മുറി വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല | 2-2 |
| 13 | വിമുക്ത ഭടന്റെ 2000 ച.ശ്രു.അടിയിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വീടിന് വസ്തു നികുതി ഈടാക്കിയില്ല | 2-3 |
| | | |

| | | |
|---|---|---|
| 14 | വിമുക്ത ഭടന്റെ ഭാര്യയുടെ ഉടമസ്ഥതയിലുള്ള താമസേതര കെട്ടിടത്തിന് നികുതി ഇളവ് നൽകി | 2-4 |
| 15 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ | 2-5 |
| 16 | ബിൽഡിംങ്ങ് പെർമിറ്റ് – റഗുലറൈസേഷൻ ഫീ ഈടാക്കിയിട്ടില്ല | 2-6 |
| 17 | ഡി & ഒ ലൈസൻസ്, പാരാ മെഡിക്കൽ രജിസ്ട്രേഷൻ എന്നിവ നൽകുന്നതിലെ അപാകതകൾ | 2-7 |
| ഭാഗം – 3 | | |
| 18 | അംഗൻവാടികൾക്ക് ഗ്യാസ് സ്റ്റൗ വാങ്ങൾ-ടെണ്ടർ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചില്ല | 3-1 |
| 19 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ-അപാകതകൾ | 3-2 |
| 20 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ-പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ | 3-3 |
| 21 | സാക്ഷരതാ ഫണ്ട് നൽകൽ – അനുബന്ധ രേഖകൾ ഹാജരാക്കിയില്ല | 3-4 |
| 22 | പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ധനസഹായം- ഐ.ടി.ഐ സർട്ടിഫിക്കറ്റ് കോഴ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയത് അംഗീകരിക്കുന്നില്ല. | 3-5 |
| 23 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് കമ്പ്യൂട്ടർ -പഠനം കഴിഞ്ഞ വിദ്യാർത്ഥിക്ക് ആനുകൂല്യം നൽകി. | 3-6 |
| 24 | തെങ്ങ് കൃഷിക്ക് ജൈവവളം | 3-7 |

| | | |
|---|---|---|
| | -വൻകിട കർഷകർക്ക് സബ്സിഡി അനുവദിച്ചു | |
| 25 | ഭവന നിർമ്മാണം(എസ്.സി) - പൂർത്തീകരിച്ചില്ല | 3-8 |
| 26 | കുടിവെള്ള കിണർ നിർമ്മാണത്തിനുള്ള ധനസഹായം അപാകതകൾ | 3-9 |
| 27 | ഭവന പുനരുദ്ധാരണം എസ്.സി ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം നൽകി | 3-10 |
| 28 | ശ്മശാന നവീകരണം-ഫസ്റ്റ് റീച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 3-11 |
| 29 | അസി.എഞ്ചിനീയർ – രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല | 3-12 |
| 30 | പെയിൻ & പാലിയേറ്റീവ് പദ്ധതി - അപാകതകൾ | 3-13 |
| 31 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി ₹23600 രൂപ പദ്ധതിവിഹിതത്തിൽ നിന്നും പാഴായി | 3-14 |
| 32 | ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ- തുക നൽകി ഒരുവർഷത്തിലധികമായിട്ടും മരുന്നുകൾ ഒന്നും ലഭിച്ചില്ല | 3-15 |
| ഭാഗം-4 | | |
| 33 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മോബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 36 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത റിപ്പോർട്ടിൽ | 4-7 |

| | | |
|---|---|---|
| | ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 42 | അനുബന്ധം-1, ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 27-3-2015 തിയതിയിലെ 69/2015 തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2015 | 30-7-2016 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

നാളിതുവരെയുള്ള ആസ്തി ബാദ്ധ്യതാ വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ചേർത്തിട്ടില്ല. 2015-16 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ് , ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, രസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് 24381665.23

വരവ് 40508054

ആകെ 64889719.23

ചെലവ് 48996703

നീക്കിയിരിപ്പ് 15893016.23

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിബാക്കി (RP 40b പ്രകാരം) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3244351 | 1797731<br>6664229 | 11706311 | 11706311 | -- | 0 |
| വികസനഫണ്ട് എസ്.സി.പി. | 2431606 | 4831622 | 7263228 | 5513622 | 1749606 | 0 |
| വികസനഫണ്ട് ടി.എസ്.പി. | -- | -- | -- | -- | -- | -- |
| സംരക്ഷണഗ്രാന്റ് റോഡ് | 46692 | 5589748 | 5636440 | 5636440 | -- | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1226410 | 269126 | 1495536 | 1495536 | -- | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 707141 | 6009460 | 6716601 | 4801978 | 1914623 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3000000 | 2769800 | 5769800 | 2769800 | 3000000 | 0 |

* റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും 635952 രൂപ മെയിന്റനൻസ് ഫണ്ട് റോഡിലേക്ക് വക മാറ്റി ചെലവഴിച്ചു. ടി തുക വരവായി റോഡ് അക്കൗണ്ടിൽ ഉൾപ്പെടുത്തി നോൺ റോഡ് അക്കൗണ്ട് വരവിൽ ടി തുക കുറവ് വരുത്തിയാണ് മേൽ കണക്ക് തയ്യാറാക്കിയിരിക്കുന്നത്. ആയതിനാൽ ടി തുകയുടെ വ്യത്യാസം വാർഷിക കണക്കിൽ RP 31-ൽ വന്നിട്ടുണ്ട്.

## 1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 123 | 60085937 | 86 | 51904964 | 16 | 21 | 69.35 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 35.51 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5262246 | 2748915 | (-)2513331 | (-)47.76 |
| നികുതിയേതര വരവുകൾ | 592113 | 971521 | 379408 | 64.08 |
| മറ്റുവരവുകൾ | 79725 | 106230 | 26505 | 33.25 |
| ആകെ | 5934084 | 3826666 | (-)2107418 | (-)35.51 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 218880 | 217 |
| കർഷകതൊഴിലാളി പെൻഷൻ | 4514970 | 529 |
| വിധവാപെൻഷൻ | 8685920 | 898 |
| വാർദ്ധക്യകാലപെൻഷൻ | 8200140 | 1297 |
| വികലാംഗപെൻഷൻ | 2593680 | 259 |
| അവിവാഹിത പെൻഷൻ | 825640 | 83 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-11-2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5824 രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2016 ഒക്ടോബർ 17,18 | 2016 സെപ്റ്റംബർ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12-12-2007 മുതൽ 27-12-2007 കൂടി | 1997-98 മുതൽ 2006-07 വരെ | 21-08-2008 |

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകൾക്ക് കെട്ടിട നികുതി ഈടാക്കുന്നില്ല

കുണ്ടഴിയൂർ വില്ലേജിൽ ടി.ആർ ജോണിയെന്നയാളുടെ ഉടമസ്ഥതയിലുള്ള സർവ്വെ നം.196/2-4 ൽപ്പെട്ട സ്ഥലത്ത് 18ച.മീ വിസ്തീർണ്ണത്തിൽ ഒരു മൊബൈൽ ടവർ പണിയുന്നതിന് ഇൻഡസ് ടവേർഴ്സ് ലിമിറ്റഡ്, പാലാരിവട്ടം കൊച്ചി 24 എന്ന സ്ഥാപനത്തിന് 10/12/12 ലെ സി3/591/07/04/2012-13 പ്രകാരം ബിൽഡിങ്ങ് പെർമിറ്റ് അനുവദിച്ചു . ടി ടവറിന്റെ ഓണർഷിപ്പ് സർട്ടിഫിക്കറ്റും, ഓക്യുപെൻസി സർട്ടിഫിക്കറ്റും ലഭിക്കുന്നതിനായി 3/7/13 ൽ സി3/4324/13 പ്രകാരം അപേക്ഷിച്ചുവെങ്കിലും സുരക്ഷാ ക്രമീകരണത്തിന്റെ ഭാഗമായ വേലി കെട്ടിയിട്ടില്ലെന്ന കാരണത്താൽ ടി ന്യൂനത പരിഹരിക്കുന്നതിനായി ഫയൽ മടക്കി. തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ലഭിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി 22/10.11.2016 നല്കിയതിനുള്ള മറുപടിയിൽ കംപ്ലീഷൻ സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിട്ടില്ലാത്തതിനാൽ കെട്ടിടനികുതി നിർണ്ണയിച്ച് നല്കിയിട്ടില്ല എന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. പൊതുജനങ്ങളുടെ പരാതിയെത്തുടർന്ന് ടി ടവറിന്റെ നിർമ്മാണത്തിനെതിരെ ഗ്രാമപഞ്ചായത്ത് നിയമനടപടികൾ സ്വീകരിക്കുകയും വക്കീൽ ഫീസായി 2015-16 വർഷത്തിൽ വൗച്ചർ നമ്പർ 21500408/22.7.15 (5000/-), 21500409/22.7.15 (5000/-) പ്രകാരം തുക ചെലവഴിച്ചിട്ടുള്ളതുമാണ്. എന്നാൽ ടവർ നിർമ്മാണം പൂർത്തീകരിക്കുന്നതിന് പഞ്ചായത്ത് വകുപ്പ് ട്രിബ്യൂണലിന്റെയും ബഹു.കേരളഹൈക്കോടതിയുടെയും അനുകൂല വിധി വന്നിട്ടുള്ളതും ടവർ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. 11/11/2016 ൽ ഓഡിറ്റ് ടീം സ്ഥലം സന്ദർശിക്കുകയും മേൽ ടവർ പ്രവർത്തിച്ചുവരുന്നതായി (വാർഡ് 16/338ൽ മുഹമ്മദ്, വി.എം.എസ് എന്നയാളുടെ വീടിന് എതിർവശത്ത്) നേരിട്ട് ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ടവറിന്റെ പ്രവർത്തനം സംബന്ധിച്ച് പഞ്ചായത്ത് അധികാരികളോ വാർഡ് ജനപ്രതിനിധിയോ അറിയാതെ പോവുകയും കെട്ടിട നമ്പർ ലഭിക്കാതെയും അർഹമായ നികുതി ഈടാക്കാതെയും പ്രസ്തുത ടവർ പ്രവർത്തിച്ചുവരുന്നതും ഭരണപരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

ഇൻഡസ് ടവേഴ്സ് എന്ന മേൽ സ്ഥാപനത്തിന് 14.99ച.മീ.വിസ്തീർണ്ണത്തിൽ മറ്റൊരു മൊബൈൽ ടവർ പണിയുന്നതിന് (കാദർ പള്ളത്ത്, കേലാണ്ടത്ത് ഹൗസ്, വാർഡ് 3, സർവ്വെ നം.115/7എ, 113/14) 29/5/09 ൽ സി3/591/07/51/09-10 പ്രകാരം പെർമിറ്റും 23/02/10 ൽ ഓക്യുപൻസി സർട്ടിഫിക്കറ്റും നല്കിയിട്ടുമുണ്ട്. എന്നാൽ കെട്ടിട നികുതി ഈടാക്കിയ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ എണ്ണം ,കെട്ടിട നികുതി ഈടാക്കുന്നതിന്റെ വിവരങ്ങൾ തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി 14/8.11.2016 പ്രകാരം ആവശ്യപ്പെട്ടിരുന്നവെങ്കിലും താഴെപ്പറയുന്ന രണ്ട് ടവറുകളുടെ സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ മാത്രമെ നല്കിയിട്ടുള്ളൂ. ഈ രണ്ട് ടവറുകൾക്കും പഴയ നിരക്കിലെ (50രൂപ/ച.മീ.) കെട്ടിട നികുതിയാണ് ഈടാക്കിയിരിക്കുന്നത്.

1)കെട്ടിട നമ്പർ 8/34-ലുള്ള ഇൻഡസ് ടവേഴ്സിന് 10ച.മീ വിസ്തീർണ്ണത്തിന് 120/-രൂപയും (അർഹമായ ഇളവുകൾക്ക് ശേഷമുള്ള തുക)

2)കെട്ടിട നമ്പർ 7/50ലുള്ള ടവറിന് 8.45 ച.മീ.വിസ്തീർണ്ണത്തിന് 338/-രൂപയും. (അർഹമായ ഇളവുകൾക്ക് ശേഷമുള്ള തുക)

ഓഡിറ്റ് ടീം 11/11/16 ൽ ഏതാനും വാർഡുകളിൽ നേരിട്ട് നടത്തിയ പരിശോധനയിൽ 6 ടവറുകൾ കാണുകയുണ്ടായി. ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഇതിൽ ഒന്നിന് മാത്രമാണ് നമ്പർ നല്കിയിട്ടുള്ളതും (ക്രമനമ്പർ 6) പഴയനിരക്കിൽ നികുതി ഈടാക്കിയിട്ടുള്ളതും. മറ്റ് 5 ടവറുകളും പഞ്ചായത്തിന്റെ അനുമതിയില്ലാതെയും, നികുതി നല്കാതെയുമാണ് പ്രവർത്തിക്കുന്നത് എന്നാണ് മനസ്സിലാകുന്നത്. പഞ്ചായത്തിന്റെ 16 വാർഡുകളിലും കൂടി എത്ര ടവറുകൾ പ്രവർത്തിക്കുന്നു എന്ന വിവരം ലഭ്യമല്ല.

1)വാർഡ് 16ൽ മുഹമ്മദ് വി.എം.എസ് എന്നവരുടെ വീടിന് എതിർവശത്ത്

2)വാർഡ് 3ൽ പുളിക്കൽ കാദർ എന്നയാളുടെ സ്ഥലത്ത്

3)വാർഡ് 16ൽ മതിലകത്ത് മുഹമ്മദ്ഹാജിയുടെ സ്ഥലത്ത്

4)വാർഡ് 5ൽ ഐശ്വര്യ ബിൽഡിങ്ങിന് മുകളിൽ

5)വാർഡ് 7ൽനെസ്റ്റ് ബേക്കറിക്ക് മുകളിൽ

6)വാർഡ് 7ൽ ആർ.എസ്.എ മജീദ് എന്നയാളുടെ വീടിന് പിൻഭാഗത്ത്

2013-14 സാമ്പത്തിക വർഷം മുതൽ മൊബൈൽ ടവറുകൾക്ക് ഒരു ച.മീറ്ററിന് 500 രൂപ നിരക്കിൽ നികുതി ഈടാക്കുവാൻ പഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ട്. ഒരു ടവറിന്റെ ഏകദേശ വിസ്തീർണ്ണം 15ച.മീ എന്ന് കണക്കാക്കിയാൽ തന്നെ പ്രതിവർഷം 15X500X6=45000/- രൂപ പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇത് ഓഡിറ്റ് നേരിട്ട് കണ്ട ടവറുകളുടെ കണക്കുകൾ മാത്രം. മറ്റ് വാർഡുകളിലെ ടവറുകളുടെ എണ്ണം കൂടി പരിഗണിക്കുമ്പോൾ നഷ്ടം ഇതിലും അധികരിക്കും. വർഷങ്ങളായി 100ശതമാനം കെട്ടിടനികുതി പിരിക്കുന്ന പഞ്ചായത്തിൽ മൊബൈൽ ടവറുകളുടെ എണ്ണം സംബന്ധിച്ച കൃത്യമായ വിവരം പോലും ഇല്ലയെന്നത് പരിശോധനാവിധേയമാക്കേണ്ട വിഷയമാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളുടെയും വിവരങ്ങൾ നികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെടുത്തി ഇവ

പ്രവർത്തനം ആരംഭിച്ച കാലയളവുമുതലുള്ള നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. യഥാസമയം നികുതി ഈടാക്കുന്നതിൽ വീഴ്ചവരുത്തുകയും തന്മൂലം പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുകയും ചെയ്യുന്നപക്ഷം പ്രസ്തുത നഷ്ടം സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതായിരിക്കും.

# 2-2 ഷോപ്പിങ്ങ് കോംപ്ലക്സ് -മുറി വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

വെങ്കിടങ്ങ് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിങ്ങ് കോംപ്ലക്സിലെ കെട്ടിട മുറി നം .V/357 ലേലം കൊണ്ട സുരേഷ്, ഇളയേടത്ത്ഹൗസ്, വെങ്കിടങ്ങ് എന്നയാൾ 2016 ജനുവരി മുതൽ 2016 മാർച്ച് കൂടിയുള്ള മാസങ്ങളിലെ വാടക തുകയായ 15750/-(5250X3) രൂപ നാളിതുവരെ അടവാക്കിയിട്ടില്ല. വാടക കുടിശ്ശിക പലിശ സഹിതം ഈടാക്കേണ്ടതും കരാർ നിബന്ധനകൾ പ്രകാരം വാടക കുടിശ്ശിക വരുത്തിയ ടിയാളിൽ നിന്ന് മുറി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ആയത് പുന:ലേലം നടത്തേണ്ടതുമാണ്.

# 2-3 വിമുക്ത ഭടന്റെ 2000ച.അടി കൂടുതലുള്ള താമസ കെട്ടിടത്തിന് നികുതി ഇളവ് നല്കി

വെങ്കിടങ്ങ് പഞ്ചായത്തിൽ ഏഴാം വാർഡിൽ സതി, w/oപി.കെ.രാമദാസ്, പള്ളിയിൽ മാരത്തകായിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 217.79ച.മീ (കെട്ടിടനമ്പർ7/130 ) താമസകെട്ടിടത്തിന് വിമുക്തഭടന്റെ ഭാര്യയുടെ പേരിലുള്ള കെട്ടിടം എന്ന നിലയ്ക്ക് കെട്ടിട നികുതി 2235/-(2128+107) രൂപ നിർണ്ണയിച്ചത് ഒഴിവാക്കിനല്കിയിട്ടുണ്ട്. ജി.ഒ (എം.എസ്)242/2013/ ത.സ്വ.ഭ.വ തിയതി 02/07/2013 പ്രകാരം തറവിസ്തീർണ്ണം 2000 ചതുരശ്ര അടിയിൽ കവിയാത്ത വീടിനുമാത്രമേ ഇളവിന് അർഹതയുള്ളൂ. ആയതിനാൽ പുതുക്കിയ നികുതി നിർണ്ണയം പ്രാബല്യത്തിൽ വന്ന 2013-14 സാമ്പത്തിക വർഷം മുതൽ നാളിതുവരെയുള്ള നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-4 വിമുക്തഭടന്റെ ഭാര്യയുടെ ഉടമസ്ഥതയിലുള്ള താമസേതര കെട്ടിടത്തിന് നികുതി ഇളവ് നല്കി

ആനിജോർജ്ജ്, W/o ജോർജ്ജ്, തെക്കേക്കര ഹൗസ് എന്നവരുടെ ഉടമസ്ഥതയിലുള്ള 7/295

എന്ന താമസക്കെട്ടിടത്തിന് വിമുക്തഭടന്റെ ഭാര്യയുടെ ഉടമസ്ഥതയിലുള്ള താമസക്കെട്ടിടം എന്ന നിലയ്ക്ക് കെട്ടിട നികുതിയിൽനിന്ന് ഒഴിവാക്കി നല്കിയിട്ടുണ്ട്. ടിയാളുടെ അപേക്ഷയിൽ വീടിന്റെ വിസ്തൃതി 800 ച.അടിയെന്ന് രേഖപ്പെടുത്തിയിട്ടുണ്ട് ,സഞ്ചയ സോഫ്റ്റ് വെയർപ്രകാരം വിസ്തീർണ്ണം (ഫോം6) 52.86 ച.മി എന്നും, ഇപ്പോഴത്തെ താമസക്കാരന്റെ വിലാസം വർഗ്ഗീസ് ആന്റ് ഭാര്യ ജെസ്സി, ചിറ്റിലപ്പിള്ളിയെന്നുമാണ്. മേൽ വിവരങ്ങളിൽനിന്നും വീടിന്റെ വിസ്തൃതിയിൽ വ്യത്യാസം വന്നിട്ടുള്ളതായും, സ്വന്തം താമസാവശ്യത്തിനല്ല ഉപയോഗിക്കുന്നത് എന്നുമാണ് മനസ്സിലാകുന്നത് .വിമുക്തഭടന്റെ ഭാര്യയുടെ ഉടമസ്ഥതയിലുള്ള താമസാവശ്യത്തിനുള്ള കെട്ടിടത്തിനേ വസ്തുനികുതി ഇളവിന് അർഹതയുള്ളൂ. കെട്ടിട നികുതി ഇളവിന് അർഹതയുണ്ടോ എന്നവിഷയം പരിശോധനവിധേയമാക്കേണ്ടതും നികുതി ഇളവിന് അർഹതയില്ലാത്ത പക്ഷം 2013-14 സാമ്പത്തിക വർഷം മുതൽ നാളിതുവരെയുള്ള നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 2-5 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ

1) വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങലിലെ ചട്ടം 3(1) പ്രകാരം താഴെപ്പറയുന്ന ജീവനക്കാരിൽനിന്നും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| പേര് ,സ്ഥാപനം | നികുതി അടവാക്കേണ്ട അർദ്ധവർഷം | വരുമാനം | നികുതി ഈടാക്കിയത് | നികുതി ഈടാക്കേണ്ടത് | കുറവ് ഈടാക്കിയത് |
|---|---|---|---|---|---|
| സൂരജ് കെ.ആർ കാനറ ബാങ്ക് | II | 128091 | 750 | 1250 | 500 |
| ഷംല കെ.എ ജി.എം.യു.പി.എസ് | II | 189063 | 1000 | 1250 | 250 |
| ആകെ | | | | | 750 |

മേൽ തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2)അർഹമായ തൊഴിൽ നികുതി അടവാക്കിയിട്ടില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 204(1) iiഎ (i)പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ, പലപ്പോഴായോ 60ദിവസം പഞ്ചായത്ത് പരിധിയിൽ ജോലി / തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്കു വിധേയനാകും. വെങ്കിടങ്ങ് പോസ്റ്റ് ഓഫീസിൽ നിന്നും 23/3/16 ൽ സമർപ്പിച്ച തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് പ്രകാരം സുധാകരൻ പി.സി , പോസ്റ്റൽ അസിസ്റ്റന്റ് 4/01/16 ൽ ജോലിയിൽ പ്രവേശിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം ടിയാൻ പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ ജോലിചെയ്തതായി കാണുന്നു.

എന്നാൽ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3)2015-16 വർഷത്തിലെ തൊഴിൽ നികുതി ഭാഗികമായോ /പൂർണ്ണമായോ ഈടാക്കാത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കാത്ത അർദ്ധവർഷം | തുക |
|---|---|---|---|
| 1 | എവർലാസ്റ്റിങ്ങ് കുറീസ് പ്രൈവറ്റ് ലിമിറ്റഡ് | I&II | 2500 |
| 2 | ശ്രേയസ് ചിറ്റ്സ് &ഫിനാൻസ് | II | 1250 |
| 3 | മുത്തൂറ്റ് ഫിൻ കോർപ്പ് ലി. കരുവന്തല | II | 1250 |
| 4 | ലക്ഷ്മി ബാങ്കേഴ്സ്, വെങ്കിടങ്ങ് | I&II | 2500 |
| 5 | ചാവക്കാട് ഫിർക്ക ബാങ്ക് | II | 1250 |
| 6 | കൊശമറ്റം ഫിനാൻസ് | I | 1250 |
| 7 | എസ്.ബി.റ്റി | II | 1250 |
| 8 | ന്യൂ ട്രിച്ചൂർ കുറീസ് | I | 1250 |
| 9 | ഔട്ട് റീച്ച് കെയറിങ്ങ് സെന്റർ | I&II | 2500 |
| 10 | ത്രിവേണി സൂപ്പർമാർക്കറ്റ് | I&II | 2500 |
| 11 | നീതി മെഡിക്കൽസ് | I&II | 2500 |
|  | ആകെ |  | 20000 |

1996 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം (4) പ്രകാരം മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4)സെന്റ്.ജോസഫ്സ് എച്ച്.എസ്, ഏനമാക്കൽ എന്നസ്ഥാപനത്തിലെ താഴെപ്പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി (ഒന്നാം അർദ്ധ വർഷം) നിയമന അംഗീകാരം

ലഭിച്ചിട്ടില്ലാത്തതിനാൽ അടവാക്കിയിട്ടില്ല. പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

i)പോളി വി.എ

ii)ജെസി.വി.ജി

iii)ജോളി ജോസ്

iv)ലിന്റെ ഫ്രാൻസിസ്

v)ജിപ്സി

vi)അലീന ജേക്കബ് ടി

vii)ഷാജി എൻ.റ്റി

മേൽ ജീവനക്കാരിൽ പോളി വി.എ, ജോളി ജോസ് എന്നിവർ രണ്ടാം അർദ്ധവർഷത്തിൽ നികുതി അടവാക്കിക്കാണുന്നു. ഇവ്വർക്ക് ഒന്നാം അർദ്ധ വർഷംമുതൽ നിയമന അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ ഈ കാലയളവിലെ നികുതി ഈടാക്കേണ്ടതും മറ്റുള്ള ജീവനക്കാരിൽനിന്നും നിയമന അംഗീകാരം ലഭിക്കുന്നമുറയ്ക്ക് തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

# 2-6 ബിൽഡിങ്ങ് പെർമിറ്റ് - റഗുലറൈസേഷൻ ഫീ ഈടാക്കിയിട്ടില്ല

ഫയൽ നമ്പർ സി3/363/15/20.1.15

കുഞ്ഞാത്തബീവി, ഐറ്റാണ്ടയിൽ, പാടൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള സർവ്വെ നമ്പർ 64/12, 64/15, 47/1 എന്നസ്ഥലത്ത് 381.78ച.മീ വിസ്തീർണ്ണത്തിൽ വീട് പണിയുന്നതിന് (കേരള മുൻസിപ്പാലിറ്റി ആക്ട് പ്രകാരം) സി3/591/07/301/09-10 തിയതി 20/5/2010 പ്രകാരം വെങ്കിടങ്ങ് പഞ്ചായത്ത് സെക്രട്ടറി ബിൽഡിങ്ങ് പെർമിറ്റ് അനുവദിച്ചു. 19/5/2016 വരെ പെർമിറ്റ് കാലാവധി ദീർഘിപ്പിച്ചുനല്കി. കംപ്ലീഷൻ പ്ലാൻ പ്രകാരം 551.26ച.മീ വിസ്തീർണ്ണത്തിലാണ് വീട് പണിപൂർത്തീകരിച്ചിട്ടുള്ളത്. ആയതിന് നികുതി നിർണ്ണയിച്ച് നല്കിയിട്ടുണ്ട്. പെർമിറ്റ് അനുവദിച്ചതിൽനിന്ന് അധികമായി പണിത 169.48ച.മീ (551.26-381.78) ന് റഗുലറൈസേഷൻഫീ 1017/-രൂപ (169.48X6)ഈടാക്കേണ്ടതാണ്.

# 2-7 ഡി&ഒ ലൈസൻസ്,പാരാമെഡിക്കൽ രജിസ്ട്രേഷൻ,,എന്നിവ നല്കുന്നതിലെ അപാകതകൾ

1)ഡി&ഒ ലൈസൻസിനായി അപേക്ഷിക്കുന്ന എല്ലാ അപേക്ഷകളോടൊപ്പവും സാനിട്ടറി സർട്ടിഫിക്കറ്റ് വയ്ക്കുന്നില്ല (10/01/13ലെ സർക്കുലർ നം 66562/ആർ.സി3/12/ത.സ്വ.ഭ.വ നിർദ്ദേശപ്രകാരം).അപേക്ഷയോടൊപ്പം പ്ലാസ്റ്റിക്ക് നിരോധന സാക്ഷ്യ പത്രം, വാടക കരാർ,

മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം (അർഹമായ സംഗതികളിൽ) എന്നിവ ഉൾപ്പെടുത്തി കാണുന്നില്ല.

2)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് (വാർഡ് തിരിച്ചുള്ള) തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ഡി&ഒ ലൈസൻസ് എടുക്കാൻ ബാധ്യസ്ഥരായ എല്ലാസ്ഥാപനങ്ങളും ആയത് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. ഡി&ഒ ലൈസൻസ് രജിസ്റ്ററിൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ അർഹരായ എല്ലാവരും തൊഴിൽ നികുതി അടവാക്കിയോ എന്നും വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. തൊഴിൽ നികുതി അടവാക്കിയ എല്ലാ സ്ഥാപനങ്ങളും ഡി&ഒ ലൈസൻസ് എടുത്തിട്ടുണ്ടോയെന്നും വിലയിരുത്താൻ കഴിഞ്ഞിട്ടില്ല.

3)അപേക്ഷകൾ അപൂർണ്ണമാണ്. വിറ്റുവരവ്, വരവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ മിക്ക അപേക്ഷയിലും രേഖപ്പെടുത്തിയിട്ടില്ല. ജ്വല്ലറികളുടെ അപേക്ഷകളിൽ ഒന്നിലും വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈടാക്കിയ ഡി&ഒ ഫീയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. ജ്വല്ലറിയ്ക്കും,പെട്ടികടയ്ക്കും ഒരേ ഫീ ആണ് ഈടാക്കിയിട്ടുള്ളത്.

4)പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമല്ല. നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ എല്ലാ സ്ഥാപനങ്ങളും രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. രജിസ്ട്രേഷൻ പുതുക്കിയ സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 9.2.12 ലെ സർക്കുലർ 47724/ഡി.സി/11/ത.സ്വ.ഭ.വ പ്രകാരം മലിനീകരണ നിയന്ത്രണബോർഡിൽ നിന്നുള്ള അനുമതി പത്രം അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും നടപടികൾ സ്വീകരിച്ചിട്ടില്ല.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അംഗൻവാടികൾക്ക് ഗ്യാസ് സ്റ്റൗ വാങ്ങൽ - ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചില്ല.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് നമ്പർ 87/16 പ്രകാരം നടപ്പാക്കിയ അംഗൻവാടികൾക്ക് സ്റ്റൗ എന്ന പ്രോജക്ടിനായി ട്രഷറി ബിൽ നമ്പർ 4/21.3.2016 പ്രകാരം വികസനഫണ്ടിൽ നിന്നും 63450 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇൻഡെയിൻ ഗ്യാസ് ഡീലറായ കൊട്ടാരത്ത് എന്റർപ്രൈസസ്, മണലൂർ എന്ന ഗ്യാസ് ഏജൻസിയിൽ നിന്നും 2350 രൂപ വീതം വിലയുള്ള 27 ഗ്യാസ് സ്റ്റൗ വാങ്ങുന്നതിനാണ് തുക ചെലവഴിച്ചത്. തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)259/2010/ത.സ്വ.ഭ.വ. തീയതി 8.11.2010 പ്രകാരം 50000 രൂപയ്ക്ക് മുകളിലും ഒരു ലക്ഷം രൂപയിൽ താഴെയും വരുന്ന പർച്ചേസുകൾക്ക് ലിമിറ്റഡ് ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. അതനുസരിച്ച് 4 മുതൽ 6 വരെ എണ്ണം ടെണ്ടറുകൾ സ്വീകരിക്കേണ്ടതായിരുന്നു. എന്നാൽ ക്വട്ടേഷൻ പോലും സ്വീകരിക്കാതെയാണ് കൊട്ടാരത്തിൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും ഗ്യാസ് സ്റ്റൗ വാങ്ങിയത്. മൽസര സ്വഭാവമുള്ള ക്വട്ടേഷൻ/ടെണ്ടറുകൾ ഇല്ലാതിരുന്നത് ഇതിനേക്കാൾ വിലക്കുറവിൽ ഗ്യാസ് സ്റ്റൗ ലഭിക്കുന്നതിനുള്ള സാധ്യത ഇല്ലാതാക്കി. മാത്രമല്ല, അംഗൻവാടികളിൽ ഉപയോഗിച്ചിരുന്ന പഴയ ഗ്യാസ് സ്റ്റൗകൾ ബൈ-ബാക്ക് വ്യവസ്ഥയിൽ പുതിയ സ്റ്റൗ സപ്ലൈ ചെയ്ത സ്ഥാപനത്തിന് നൽകാതിരുന്നതിനാൽ ഈയിനത്തിലും നഷ്ടം സംഭവിച്ചിട്ടുണ്ട്. പഴയ സ്റ്റൗവിന് ഒരെണ്ണത്തിന് കുറഞ്ഞത് 200 രൂപയെങ്കിലും സ്ക്രാപ്പ് ഇനത്തിൽ ലഭിക്കേണ്ടതായിരുന്നു. ലിമിറ്റഡ് ടെണ്ടർ നടപടികൾ സ്വീകരിക്കാതെ സ്റ്റൗ വാങ്ങിയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 63450 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൂടാതെ പഴയ 27 ഗ്യാസ് സ്റ്റൗകൾ ലേലം ചെയ്ത് ലഭിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 3-2 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ - അപാകതകൾ

ഹെഡ്മിസ്ട്രസ്സ്, ജി.എം.യു,പി.എസ്, കുണ്ടഴിയൂർ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് നമ്പർ 28/16 പ്രകാരം നടപ്പാക്കിയ 10-ാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പുതിയ സൈക്കിൾ വാങ്ങൽ എന്ന പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും 300000 രൂപ വകയിരുത്തുകയും ട്രഷറി ബിൽ നമ്പർ 1/28.2.2016 പ്രകാരം 253400 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സഫാരി ട്രേഡിങ്ങ് കമ്പനി, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും 70 സൈക്കിളുകൾ വാങ്ങുന്നതിനാണ് തുക ചെലവഴിച്ചത്.

പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 2015-16 വർഷത്തേക്ക് പ്രാബല്യത്തിലുള്ള സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 362/2013/ത.സ്വ.ഭ.വ. തിയതി 16.11.2013 അനുബന്ധം 16 ഖണ്ഡിക 6.8.4 പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകേണ്ടത്. സൈക്കിൾ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം. എന്നാൽ മേൽപറഞ്ഞ നിബന്ധന പാലിച്ചിട്ടില്ല.

2. 70 സൈക്കിളുകൾ വാങ്ങിയതിൽ 69 എണ്ണം മാത്രമേ നാളിതുവരെ വിതരണം നടത്തിയിട്ടുള്ളൂ. ബാക്കിയുള്ള സൈക്കിൾ അർഹതയുള്ള വിദ്യാർത്ഥിക്ക് വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽപറഞ്ഞ അപാകതകൾ പരിഹരിച്ചുകൊണ്ട് മാത്രം ഇത്തരം പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

# 3-3 എസ്.സി.വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ - പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

ഹെഡ്മിസ്ട്രസ്സ്, ജി.എം.യു,പി.എസ്, കുണ്ടഴിയൂർ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് നമ്പർ 50/16 പ്രകാരം നടപ്പാക്കിയ എസ്.സി.വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ എന്ന പ്രോജക്ടിനു വേണ്ടി പ്രത്യേക ഘടകപദ്ധതി വിഹിതത്തിൽ നിന്നും 400000 രൂപ വകയിരുത്തുകയും ട്രഷറി ബിൽ നമ്പർ 2/28.2.2016 പ്രകാരം 300000 രൂപയും ട്രഷറി ബിൽ നമ്പർ 4/31.3.2016 പ്രകാരം 100000 രൂപയും അടക്കം ആകെ 400000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കേരള സിഡ്കോ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 100 സ്റ്റീൽ മേശയും 100 നീൽകമൽ പ്ലാസ്റ്റിക് കസേരയും വാങ്ങുന്നതിനാണ് തുക ചെലവഴിച്ചത്. ആകെ 100 കുട്ടികൾക്ക് 4000 രൂപ വിലയുള്ള സ്റ്റീൽ മേശയും കസേരയും വിതരണം ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 2015-16 വർഷത്തേക്ക് പ്രാബല്യത്തിലുള്ള സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 362/2013/ത.സ്വ.ഭ.വ. തീയതി 16.11.2013 അനുബന്ധം 16 ഖണ്ഡിക 6.8.3 പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ നൽകേണ്ടത്. ഫർണ്ണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം. എന്നാൽ മേൽപറഞ്ഞ നിബന്ധന പാലിച്ചിട്ടില്ല.

2. സ്റ്റീൽ/മരം കൊണ്ടുള്ള ഫർണ്ണിച്ചറായിരിക്കണം വിതരണം നടത്തേണ്ടത്. എന്നാൽ പ്ലാസ്റ്റിക് കസേരയാണ് വിതരണം ചെയ്തിട്ടുള്ളത്.

4. സിഡ്കോയിൽ നിന്നും ടെണ്ടറില്ലാതെയാണ് ഫർണ്ണിച്ചർ വാങ്ങിയിട്ടുള്ളത്. 28.5.2015-ലെ സർക്കാർ ഉത്തരവ് (ആർ.ടി)26/2015/എസ്.പി.ഡി. പ്രകാരം മരഫർണ്ണിച്ചർ, സ്റ്റീൽ ഫർണ്ണിച്ചർ, ആശുപത്രി ഫർണ്ണിച്ചർ എന്നിവ മാത്രമേ ടെണ്ടറില്ലാതെ സിഡ്കോയിൽ നിന്നും വാങ്ങുന്നതിന് അനുമതിയുള്ളൂ. സർക്കാർ ഉത്തരവ് ജി.ഒ(ആർ.ടി)472/2000/ഐ.ഡി. തീയതി 19.4.2000 പ്രകാരം സിഡ്കോയിൽ നിന്നും എസ്.എസ്.ഐ. യൂണിറ്റുകൾ നിർമ്മിക്കുന്ന പ്ലാസ്റ്റിക്ക് കസേരകൾ വാങ്ങാവുന്നതാണ്. എന്നാൽ നീൽകമൽ എന്ന സ്വകാര്യ കമ്പനിയുടെ 2036 എന്ന മോഡൽ നമ്പറിലുള്ള 100 പ്ലാസ്റ്റിക് കസേര വാങ്ങുന്നതിനാണ് 66000 രൂപ ചെലവഴിച്ചിട്ടുള്ളത്.

5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(എം.എസ്)259/2010/ത.സ്വ.ഭ.വ. തീയതി 8.11.2010 പ്രകാരം മതിപ്പുവില 50000 മുതൽ 99999 വരെയുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ സ്വീകരിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

4. 2 മേശയും 2 കസേരയും നാളിതു വരെ വിതരണം നടത്തിയിട്ടില്ല.

5. ഫർണ്ണിച്ചർ കൈപ്പറ്റിയ താഴെ പറയുന്നവർ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവരല്ല.

| ക്രമ നമ്പർ | പേര് |
|---|---|
| 1. | ആദർശ് കൃഷ്ണൻ |

| | |
|---|---|
| | തൊട്ടുപറമ്പ് |
| 2. | അതുൽ കൃഷ്ണ സി എ, ചുക്കശ്ശേരി |
| 3. | സാന്ദ്ര സി എസ്, ചേച്ചാട്ടിൽ |
| 4. | റിച്ചൂഷ് കെ ശ്രീധരൻ, കാര്യാട്ട് |
| 5. | അഞ്ജന വിജയൻ, വേലിയത്ത് |
| 6. | രോഹിത്ത് മണി ,അപ്പനാത്ത് |
| 7. | അഭിനന്ദ് ഉണ്ണികൃഷ്ണൻ, തെയ്യൻ |
| 8. | ഭവൻദത്ത് ബാബു, ചൂലിശ്ശേരി |
| 9. | നന്ദന കൃഷ്ണൻ, തൈലി |
| 10. | ശ്യാം ചന്ദ്രൻ, തൊട്ടു |
| 11. | കവിത വേണു, ചൂലിശ്ശേരി |
| 12. | ദേവിക രാജു ,പെൻമാട്ട് |
| 13. | വൈശാഖ് ബിജു ,പെരിങ്ങ |
| 14. | അനന്തു രാജ്, വെളിയത്ത് |
| 15. | അശ്വതി ശശി, തൊട്ടു വീട് |

മുകളിൽ പറഞ്ഞ അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഗുണഭോക്തൃ ലിസ്റ്റിൽ പെടാത്ത കുട്ടികൾക്ക് നൽകിയ ഫർണ്ണിച്ചറിന്റെ വിലയായ 60000 രൂപ (4000x15) ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്. ടെണ്ടറില്ലാതെ നീൽകമൽ പ്ലാസ്റ്റിക്ക് കസേര വാങ്ങിയ ഇനത്തിൽ ആകെ 66000 രൂപയിൽ (660 x 100) നിരാകരിച്ച തുക കഴിച്ച് (660 x 15 = 9900) ബാക്കി 56100 രൂപ തടസ്സപ്പെടുത്തുന്നു.

# 3-4 സാക്ഷരത ഫണ്ട് നൽകൽ - അനുബന്ധ

## രേഖകൾ ഹാജരാക്കിയില്ല

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് നമ്പർ 6/16 പ്രകാരം നടപ്പാക്കിയ സാക്ഷരത ഫണ്ട് നൽകൽ എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും 49400 രൂപ വകയിരുത്തുകയും ട്രഷറി ബിൽ നമ്പർ 7/31.3.2016 പ്രകാരം 32000 രൂപ ചെലവഴിക്കുകയും ചെയ്തു. 20 പഠിതാക്കളുടെ പരീക്ഷാ ഫീസ്, പുസ്തകങ്ങളുടെ വില എന്നീ ഇനത്തിൽ ജില്ലാ സാക്ഷരതാ മിഷനിൽ അടവാക്കുന്നതിനാണ് തുക ചെലവഴിച്ചത്. പഠിതാക്കളുടെ അപേക്ഷ, പഠിതാക്കളുടെ അർഹത സംബന്ധിച്ച രേഖകൾ, ഹാജർ വിവരം, പരീക്ഷ എഴുതിയോ എന്ന വിവരം, എത്ര പേർ വിജയിച്ചിട്ടുണ്ട് എന്ന വിവരം എന്നിവ ഒന്നും തന്നെ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 6/7.11.2016 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചിട്ടുമില്ല. മേൽപറഞ്ഞ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതു വരെ ചെലവ് തുക 32000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ധനസഹായം - എെ.ടി.ഐ.സർട്ടിഫിക്കറ്റ് കോഴ്സിൽ പഠിക്കുന്ന വിദ്യാർത്ഥിക്ക് ആനുകൂല്യം നൽകിയത് അംഗീകരിക്കുന്നില്ല

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് നമ്പർ 29/16 പ്രകാരം നടപ്പാക്കിയ പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ധനസഹായം എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും 250000 രൂപ വകയിരുത്തുകയും ട്രഷറി ബിൽ നമ്പർ 6/30.3.2016 പ്രകാരം 225000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് പരിശോധിച്ചതിൽ 25000 രൂപ ധനസഹായം കൈപ്പറ്റിയ ശ്രീ സൂരജ്.ടി.എം, s/o മനോജ്.ടി.കെ, തുളശ്ശേരി ഹൗസ്, ഏനാമാക്കൽ എന്ന വിദ്യാർത്ഥി നെടുപുഴ ഹെർബർട്ട് നഗർ ഗവൺമെന്റ് ഐ.ടി.ഐ യിലെ മെക്കാനിക്ക് ട്രേഡ് വിദ്യാർത്ഥിയാണെന്ന് കാണുന്നു. ജി.ഒ.(എം.എസ്) 362/2013/ ത.സ്വ.ഭ.വ. തീയതി 16.11.2013 അനുബന്ധം 16 ഖണ്ഡിക 6.8.2 പ്രകാരം പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കേ 25000 രൂപ ധനസഹായം നൽകാവൂ. ഇൻഡസ്ട്രിയൽ ട്രെയിനിങ്ങ് സെന്റർ പ്രൊഫഷണൽ കോളേജ് അല്ലാത്തതിനാൽ ടി വിദ്യാർത്ഥിക്ക് മേൽപറഞ്ഞ ആനുകൂല്യത്തിന് അർഹതയില്ല. അർഹതയില്ലാത്ത ആൾക്ക് ആനുകൂല്യം നൽകിയതിന് തൃപ്തികരമായ വിശദീകരണം നൽകിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ നൽകിയ 25000 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്.

## 3-6 എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് കമ്പ്യൂട്ടർ - പഠനം കഴിഞ്ഞ വിദ്യാർത്ഥിക്ക്

# നല്കി

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് നമ്പർ 76/16 പ്രകാരം നടപ്പാക്കിയ പ്രൊഫഷണൽ/പോസ്റ്റ് ഗ്രാജ്വേറ്റ്/പോളിടെക്നിക്ക് എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് കമ്പ്യൂട്ടർ എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും 714000 രൂപ വകയിരുത്തുകയും ട്രഷറി ബിൽ നമ്പർ 5/30.3.2016 പ്രകാരം 546000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നെസ്റ്റ് സിസ്റ്റംസ് & സൊലൂഷൻസ്, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും ഡി.ജി.എസ് & ഡി റേറ്റ് കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ഒന്നിന് 42000 രൂപ വിലയുള്ള 13 എച്ച്.പി.ലാപ്പ് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനാണ് തുക ചെലവഴിച്ചത്. ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ചതിൽ ലാപ്പ് ടോപ്പ് കമ്പ്യൂട്ടർ കൈപ്പറ്റിയ നിവ്യ വി.എസ് എന്ന വിദ്യാർത്ഥിനി എം.ജി.യൂണിവേഴ്സിറ്റിയുടെ സ്കൂൾ ഓഫ് മെഡിക്കൽ എജ്യുക്കേഷനിൽ നിന്നും 2014-15-ൽ നാലു വർഷത്തെ കോഴ്സ് പൂർത്തിയാക്കിയ വ്യക്തിയാണ് എന്നും ടിയാൾ 2015-16-ൽ വിദ്യാർത്ഥിനി ആയിരുന്നില്ല എന്നും കാണുന്നു. 18.3.2015-ലെ സ.ഉ.(സാധാ.)നം.787/2015/തസ്വഭവ. ഉത്തരവ് പ്രകാരം പ്രൊഫഷണൽ, പോസ്റ്റ് ഗ്രാജ്വേറ്റ്, കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകളിലും പോളി ടെക്നിക്കുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടറുകളും ലാപ്പ് ടോപ്പുകളും വാങ്ങി നൽകാം. 2015-16-ൽ വിദ്യാർത്ഥിനി അല്ലാതിരുന്ന നിവ്യ വി.എസ്. എന്നയാൾക്ക് ലാപ്പ് ടോപ്പ് കമ്പ്യൂട്ടർ വാങ്ങി നൽകിയതിന് തൃപ്തികരമായ വിശദീകരണം നൽകിയിട്ടില്ല. ആയതിനാൽ മേൽപറഞ്ഞയാൾക്ക് ലാപ്പ് ടോപ്പ് കമ്പ്യൂട്ടർ വാങ്ങുന്നതിന് ചെലവായ 42000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്.

# 3-7 തെങ്ങ് കൃഷിക്ക് ജൈവവളം - വൻകിട കർഷകർക്ക് സബ്സിഡി അനുവദിച്ചു

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 30/16 പ്രകാരം നടപ്പാക്കിയ തെങ്ങ് കൃഷി വികസനം എന്ന പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും 1700000 രൂപ വകയിരുത്തുകയും ട്രഷറി ബിൽ നമ്പർ 2/18.12.2015 പ്രകാരം 1499998 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. റെയ്ഡ്കോ, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ പ്രകാരം 52900 കി.ഗ്രാം കടലപ്പിണ്ണാക്ക് വാങ്ങി കർഷകർക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനാണ് തുക ചെലവഴിച്ചത്. രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സബ്സിഡി കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് 2 ഹെക്ടറിൽ കൂടുതൽ ഭൂമി ഉള്ളതായി കാണുന്നു.

| പേര് | സ്ഥലത്തിന്റെ അളവ് | കൈപ്പറ്റിയ വളത്തിന്റെ അളവ് | അനുവദിച്ച സബ്സിഡി |
|---|---|---|---|
| 1. ട്രസ്റ്റി, പോംപെ | 3.28 ഹെക്ടർ | 1050 കി.ഗ്രാം | 29765 രൂപ |

| | | | |
|---|---|---|---|
| മാതാ ചർച്ച്, കോഞ്ചിറ | | | |
| 2. ശോഭൻദാസ് കഴുങ്കിൽ | 2.074 ഹെക്ടർ | 600 കി.ഗ്രാം | 17010 രൂപ |
| | | ആകെ | 46775 രൂപ |

സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 362/2013/ത.സ്വ.ഭ.വ. തീയതി 16.11.2013 അനുബന്ധം 16 ഖണ്ഡിക 3.1 പ്രകാരം നാമ മാത്ര കർഷകർക്കും ചെറുകിട കർഷകർക്കും (2 ഹെക്ടർ വരെ ഭൂമിയുള്ളവർ) മാത്രമേ സബ്സിഡി അനുവദിക്കാവൂ. ഇതിൽ കൂടുതൽ ഭൂമിയുള്ളവർക്ക് സബ്സിഡി അനുവദിച്ചതിന് തൃപ്തികരമായ വിശദീകരണം നൽകിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ നൽകിയ 46775 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്.

2. വികാരി, കർമ്മല മാതാ ചർച്ച്, ഏനാമാക്കൽ എന്നയാൾക്ക് വളം സബ്സിഡിയായി 29765 രൂപ അനുവദിച്ചിട്ടുണ്ട്. വ്യക്തിഗത/ഗ്രൂപ്പ് ഗുണഭോക്താക്കളിൽ ഉൾപ്പെടാത്ത മത സ്ഥാപനങ്ങൾക്ക് സബ്സിഡി അനുവദിച്ചതിന് ആധാരമായ സർക്കാർ ഉത്തരവ് ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റിൽ ഹാജരാക്കുന്നതു വരെ 29765 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-8 ഭവന നിർമ്മാണം (എസ്.സി) - പൂർത്തീകരിച്ചില്ല

പ്രോജക്ട് നമ്പർ - 108/16

നിർവ്വഹണം - അസി. സെക്രട്ടറി.

ബിൽ നമ്പർ - 11/15-16 dt. 18-12-15 – 20,000/-

13/15-16 dt. 28-12-15 - 20,000/-

15/15-16 dt. 18-1-16 - 60,000/-

22/15-16 dt. 19-2-16 - 60,000/-

24/15-16 dt. 26-2-16 - 60,000/-

26/15-16 dt. 17-3-16 - 1,20,000/-

ഫണ്ട് ഇനം - വികസന ഫണ്ട് (എസ്.സി.പി)

വെങ്കിടങ്ങ് ഗ്രാമ പഞ്ചായത്ത് ജനകീയാസൂത്രണം 2015-16 വർഷം ഭവന നിർമ്മാണം (108/16) പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 3 ഗുണഭോക്താക്കളിൽ (ഷിമ. കെ.എസ്,

കല്ല്യാണി ബാലൻ, മഞ്ജുള. ടി.വി) ഷിമ. കെ.എസ് എന്ന ഗുണഭോക്താവിന് 4 ഗഡുക്കളായി 1,80,000/- രൂപ ഭവന നിർമ്മാണ ധനസഹായം അനുവദിക്കുകയും നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

മഞ്ജുള. ടി.വി, എന്ന ഗുണഭോക്താവ് 80,000/- രൂപ (18-3-2016 ന് കൈപ്പറ്റി). കല്ല്യാണി ബാലൻ ആദ്യ ഗഡുവായി 60000/- രൂപയും രണ്ടാമത്തെ ഗഡുവായി 20000 രൂപയും കൈപ്പറ്റിയിട്ടുണ്ട്. 2015-16 വർഷത്തെ ഭവന നിർമ്മാണ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

# 3-9 കുടിവെള്ള കിണർ നിർമ്മാണത്തിനുള്ള ധനസഹായം - അപാകതകൾ

പ്രോജക്ട് നമ്പർ - 44/2016

പ്രോജക്ട് നമ്പർ - 84/2016 – സ്പിൽ ഓവർ.

നിർവ്വഹണം - അസി. സെക്രട്ടറി

ബിൽ നമ്പർ - 03/15-16 തിയതി 24-6-2015 - 17,000/-

ബിൽ നമ്പർ - 28/15-16 തീയതി 17-3-2016 – 17,000/-

മേൽ പദ്ധതി പ്രകാരം 2015-16 സാമ്പത്തിക വർഷം ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളായ ശ്രീമതി. ചെന്നറ സന്ധ്യ, ശ്രീമതി. മുണ്ടിക്കുട്ടി എന്നിവരുടെ ധനസഹായത്തിനുള്ള അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

1. ശ്രീമതി. ചെന്നറ സന്ധ്യ ധനസഹായത്തിനായി സമർപ്പിച്ച അപേക്ഷയിൽ അപേക്ഷക ഒപ്പുവെച്ചിട്ടില്ല.

2. ശ്രീമതി. ചെന്നറ സന്ധ്യ, ശ്രീമതി. മുണ്ടിക്കുട്ടി എന്നിവർ ഗ്രാമപഞ്ചായത്തുമായി ഉണ്ടാക്കിയ കരാർ ഉടമ്പടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പുവെച്ചിട്ടില്ല.

3. സ. ഉ. (എം,എസ്) നമ്പർ 362/2013/ത.സ്വ.ഭ.വ, തിരുവനന്തപുരം, തീയതി 16-11-2013 പ്രകാരം കിണർ നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിന് പ്രസ്തുത പ്രോജക്ടിന്റെ ടിപ്പിക്കൽ എസ്റ്റിമേറ്റ് ഉണ്ടായിരിക്കേണ്ടതും, വെള്ളം റീചാർജ്ജ് ചെയ്യുന്നതിനായ സംവിധാനം എം.ജി.എൻ.ആർ.ഇ.ജി.എസ് ൽ ചെയ്യേണ്ടതുമാണ്. ആയവ സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം തേടിക്കൊണ്ട് പുറപ്പെടുവിച്ച ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമായ മറുപടിയിൽ വെള്ളം റീച്ചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കാത്തത് സംബന്ധിച്ച പരാമർശം ഒഴികെയുള്ള അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ

ബോധ്യപ്പെട്ടുത്തി. ടി അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് ഉടൻ കൈക്കൊള്ളേണ്ടതാണ്.

# 3-10 ഭവന പുനരുദ്ധാരണം - എസ്.സി. - ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം നൽകി.

പ്രോജക്ട് നമ്പർ - 43/2016

പ്രോജക്ടിന്റെ പേര് - ഭവന പുനരുദ്ധാരണം (എസ്.സി)

നിർവ്വഹണം - അസി. സെക്രട്ടറി

ബിൽ നമ്പർ - 09/15-16 തിയതി 08-12-2015 - 1,00,000

ബിൽ നമ്പർ - 14/15-16 തീയതി 18-1-2016 – 25,000/-

“ 20/15-16 “ 19-2-2016 - 50,000/-

“ 25/15-16 “ 26-2-2016 - 25,000/-

“ 27/15-16 “ 17-03-2016 - 75,000/-

“ 29/15-16 “ 29-03-2016 – 25,000/-

ഫണ്ട് - വികസന ഫണ്ട് (എസ്.സി.പി)

മേൽ പദ്ധതി പ്രകാരം താഴെ പറയുന്നവർ ധനസഹായം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ടി യാളുകൾ 2015-16 വർഷത്തെ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടു കാണുന്നില്ല.

<u>പേര്, കൈപ്പറ്റിയ തുക</u>

1. ജനാർദ്ദനൻ, പുതുള്ളി വീട് – 25,000/-

2. പ്രഭാവതി, ചുറിയേനി വീട് – 25,000/-

മേൽ വിഷയത്തിൽ അന്വേഷണ കുറിപ്പ് നൽകിയതിന് ലഭിച്ച മറുപടിയിൽ പ്രസ്തുത ഗുണഭോക്തക്കൾ 2015-16 വർഷത്തെ ഭവന പുനരുദ്ധാരണം (എസ്.സി) പദ്ധതി പ്രകാരം ഉള്ള പദ്ധതിക്കായി ഗ്രാമ സഭ തെരഞ്ഞെടുത്ത് അംഗീകരിച്ചിട്ടുള്ളവരാണെന്ന് സാധൂകരിച്ചിട്ടുണ്ട്. ഓഡിറ്റിന് വിധേയമാക്കുന്ന രേഖകളിൽ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിലുള്ള പേരും മേൽവിലാസവും തുക കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ പേരും മേൽവിലാസവുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

# 3-11 ശ്മശാന നവീകരണം ഫസ്റ്റ് റീച്ച് -

# പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ - 189/13

പ്രോജക്ടിന്റെ പേര് - ശ്മശാന നവീകരണം ഫസ്റ്റ് റീച്ച്.

നിർവ്വഹണം - കോസ്റ്റ് ഫോർഡ് (Agency Work)

ബിൽ നമ്പർ - 06/AE/15-16 dt. 16-9-15 - 6,72,634/-

എഗ്രിമെന്റ് നമ്പർ - 930/2012-13 തീയതി - 04-03-2013.

കരാർ തുക – 35,65,000/-

മേൽ പ്രവൃത്തിക്ക് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

1. First & Part Bill - 7,10,000/-

2. II & Part Bill - 4,51,250/-

3. III & Part Bill - 7,28,203/-

4. IV & Part Bill - 6,72,634/-

ടി പ്രവൃത്തിക്കായി നാളിതുവരെ 25,62,087/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ശ്മശാന നവീകരണ പ്രവർത്തിയുടെ IV & Part ബിൽ (മൊത്തം 7,20,680/- രൂപ) കോസ്റ്റ് ഫോർഡ് സമർപ്പിച്ചതിൽ നികുതികൾ കുറച്ചുള്ള സംഖ്യ 6,72,634/- രൂപ കോസ്റ്റ് ഫോർഡ് ഡയറക്ടർക്ക് അയച്ചുകൊടുക്കുകയും ടി തുക 16-09-2015 ന് ഡയറക്ടർ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

ക്രിമിറ്റോറിയത്തിന്റെ നിലവിലെ സ്ഥിതി വിലയിരുത്തുവാൻ വേണ്ടി സ്ഥല പരിശോധന നടത്തിയപ്പോൾ, നവീകരണ പ്രവൃത്തികൾ പൂർത്തിയായിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ഫർണസ്, ചിമ്മിണി തുടങ്ങിയവ ഇൻസ്റ്റാൾ ചെയ്തിട്ടില്ല. ഭീമമായ തുക ചെലവഴിച്ചുകൊണ്ട് വർഷങ്ങൾക്കു മുമ്പ് ആരംഭിച്ച ഈ പ്രവൃത്തി നാളിതുവരെ ലക്ഷ്യം കൈവരിച്ചിട്ടില്ല എന്നത് നീതീകരിക്കാവുന്നതല്ല. പ്രവൃത്തി പൂർത്തീകരിച്ച് പദ്ധതി പ്രവർത്തനക്ഷമമാക്കുവാനുള്ള സത്വര നടപടികൾ അധികൃതർ സ്വീകരിക്കേണ്ടതാണ്.

# 3-12 അസി. എഞ്ചിനീയർ - രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല

അസി. എഞ്ചിനീയർ സൂക്ഷിക്കുന്ന ബിൽ ബുക്കിൽ 2-ാമത്തെ കോളത്തിൽ (Bill No. and particulars of Bill) പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ക്യാഷ് ബുക്കിൽ വിവരണ കോളത്തിൽ പ്രവൃത്തിയുടെ പേരിനോടൊപ്പം പ്രോജക്ട് നമ്പർ കൂടി ചേർക്കേണ്ടതാണ്. എഗ്രിമെന്റ് രജിസ്റ്ററിൽ കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല. കൂടാതെ ടി രജിസ്റ്ററിൽ കരാറുകാരൻ, അസി. എഞ്ചിനീയർ എന്നിവർ ഒപ്പു വെച്ചിട്ടില്ല.

ഫയലുകളും രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

# 3-13 പെയിൻ & പാലിയേറ്റീവ് പദ്ധതി - അപാകതകൾ

പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 26/16 പ്രകാരം നടപ്പാക്കിയ പെയിൻ & പാലിയേറ്റീവ് കെയർ എന്ന പദ്ധതിക്കായി ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നും 400000 രൂപ വകയിരുത്തുകയും താഴെ പറയും പ്രകാരം മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| ട്രഷറി ബിൽ നമ്പർ/തീയതി | തുക |
|---|---|
| 1/21.8.2015 | 42000 |
| 2/28.9.2015 | 64000 |
| 3/23.12.2015 | 79200 |
| 4/30.1.2016 | 26400 |
| 6/28.3.2016 | 130800 |
| 7/28.3.2016 | 57600 |
| ആകെ | 400000 |

പദ്ധതിയുടെ ചെലവുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ജി.ഒ.(ആർ.ടി)3217/2015/ത.സ്വ.ഭ.വ. തീയതി 29.10.2015 പ്രകാരം പുതുക്കിയ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ ഖണ്ഡിക 2.5.6 പ്രകാരം മേൽപറഞ്ഞ ഉത്തരവ് തീയതി മുതൽ 60 ദിവസത്തിനകം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ്സൈറ്റിലുള്ള ലിസ്റ്റിലും വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്നും ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിന് ശേഷം തുക ചെലവഴിക്കാൻ പാടില്ല. വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റിൽ മേൽപ്രകാരമുള്ള രോഗികളുടെ പേര് വിവരം പ്രസിദ്ധീകരിച്ചിട്ടില്ല. ആയതിനാൽ 01.01.2016 മുതൽ ഈ പ്രോജക്ടിൽ നിന്നും ചെലവഴിച്ച 214800 രൂപയിൽ ഖണ്ഡിക 2 പ്രകാരം നിരാകരിച്ച 6960 രൂപ കഴിച്ച് ബാക്കി 207840 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. മേൽപറഞ്ഞ മാർഗ്ഗരേഖ ഖണ്ഡിക 2.6.3.(3) പ്രകാരം ഹോം വിസിറ്റ് ടീമിന്റെ ഭക്ഷണ ചെലവ് ഒരു ദിവസത്തേക്ക് പരമാവധി 180 രൂപ മാത്രമേ നൽകാവൂ. എന്നാൽ ഒരു ദിവസത്തേക്ക് 300 രൂപ നിരക്കിലാണ് ഭക്ഷണ ചെലവ് അനുവദിച്ചിട്ടുള്ളത്. ഈയിനത്തിൽ താഴെ പറയും പ്രകാരം 6960 രൂപ അധികം നൽകിയിട്ടുണ്ട്.

| മാസം | ആകെ | നൽകിയ | നൽകാവുന്ന | അധികം |
|---|---|---|---|---|

| | ദിവസം | തുക (@300/day) | തുക (@180/day) | നൽകിയത് (@120/day) |
|---|---|---|---|---|
| 11/2015 | 14 | 4200 | 2520 | 1680 |
| 12/2015 | 12 | 3600 | 2160 | 1440 |
| 01/2016 | 12 | 3600 | 2160 | 1440 |
| 02/2016 | 20 | 6000 | 3600 | 2400 |
| | | | | 6960 |

അധികം നൽകിയ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്.

# 3-14 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - 23600 രൂപ പദ്ധതി വിഹിതത്തിൽ നിന്നും പാഴായി

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 48/16 പ്രകാരം നടപ്പാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി എന്ന പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും 200000 രൂപ വകയിരുത്തുകയും ട്രഷറി ബിൽ നമ്പർ 1/28.9.2015 പ്രകാരം മുഴവൻ തുകയും എസ്.എൽ.ബി.പി. പ്രോജക്ട് ഓഫീസർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. പദ്ധതിയിൽ കാലിത്തീറ്റ വിതരണം ചെയ്ത രജിസ്റ്റർ പരിശോധിച്ചതിൽ ആകെയുള്ള 32 ഗുണഭോക്താക്കളിൽ താഴെ പറയും പ്രകാരം 5 പേർ കാലിത്തീറ്റ കൈപ്പറ്റാതെ പദ്ധതിയിൽ നിന്നും പുറത്ത് പോയി എന്ന് കാണുന്നു.

| പേര് | ആകെ തീറ്റ കൈപ്പറ്റിയ മാസം | ആകെ കൈപ്പറ്റിയ സബ്സിഡി (@ 510/ മാസം) | വികസന ഫണ്ടിൽ നിന്നും എസ്.എൽ. ബി.പി.ക്ക് കൈമാറിയ തുക | എസ്.എൽ. ബി.പി.യിൽ ബാക്കി നിൽക്കുന്ന സബ്സിഡി തുക |
|---|---|---|---|---|
| ജോർജ് കാട്ടാശ്ശേരി | 5 | 2550 | 6250 | 3700 |
| ത്രേസ്യ ആന്റണി | 3 | 1530 | 6250 | 4720 |
| ഷംസുദ്ദീൻ രായമരക്കാർ | -- | -- | 6250 | 6250 |
| സജിനി | 4 | 2040 | 6250 | 4210 |

| | | | | |
|---|---|---|---|---|
| കരുമുള്ളി | | | | |
| ഷൈനി ജോൺസൻ തൈക്കാട്ടിൽ | 3 | 1530 | 6250 | 4720 |
| | ആകെ | 7650 | 31250 | 23600 |

മുകളിൽ പറഞ്ഞ പ്രകാരം 23600 രൂപയുടെ സബ്സിഡി ഗുണഭോക്താക്കൾക്ക് ഉപകാരപ്പെടാതെയും ഗ്രാമപഞ്ചായത്തിന് തിരിച്ച് ലഭിക്കാതെയും പാഴായിപ്പോയിരിക്കുകയാണ്. ഇത്രയും തുക തന്നെ സംസ്ഥാന സർക്കാർ വിഹിതം ഇനത്തിലും പാഴായി. നിലവിലുള്ള ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും പുറത്ത് പോകുമ്പോൾ ബാക്കി നിൽക്കുന്ന സബ്സിഡി തുക പുതിയ ഗുണഭോക്താക്കൾക്ക് അതാത് സാമ്പത്തിക വർഷം തന്നെ ലഭിക്കുന്ന വിധത്തിൽ വിപുലമായ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കേണ്ടതും എസ്.എൽ.ബി.പി.പ്രോജക്റ്റ് ഓഫീസർക്ക് കൈമാറേണ്ടതുമാണ്.

# 3-15 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - തുക നൽകി ഒരു വർഷത്തിലധികമായിട്ടും മരുന്നുകൾ ഒന്നും ലഭിച്ചില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്റ്റ് നമ്പർ 17/16 പ്രകാരം നടപ്പാക്കിയ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്കായി റോഡിതര സംരക്ഷണ ഫണ്ടിൽ നിന്നും 100000 രൂപ വകയിരുത്തുകയും ട്രഷറി ബിൽ നമ്പർ 1/25.9.2015 പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് മുഴുവൻ തുകയും നൽകുകയും ചെയ്തിട്ടുണ്ട്. മരുന്ന് ലഭ്യമാക്കുന്നതു സംബന്ധിച്ച് ടി സ്ഥാപനവുമായി യാതൊരു കരാറും വച്ചിട്ടില്ല. തുക നൽകി ഒരു വർഷം കഴിഞ്ഞിട്ടും മരുന്നുകൾ ഒന്നും തന്നെ ഡിസ്പെൻസറിയിൽ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭിക്കുന്നതിന് ഇത്രയും കാലതാമസം ഉണ്ടാകുന്നത് ഡിസ്പെൻസറിയുടെ പ്രവർത്തനം തന്നെ അവതാളത്തിലാക്കുന്നതാണ്. തുക നൽകുമ്പോൾ നിശ്ചിത കാലാവധിക്കുള്ളിൽ മരുന്നുകൾ ലഭ്യമാക്കുന്നതു സംബന്ധിച്ച് ടി സഹകരണ ഫാർമസിയുമായി കരാറിലേർപ്പെടേണ്ടതും കരാർ ലംഘനമുണ്ടായാൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട്

# വിനിയോഗം

മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 150000 | വികലാംഗർക്ക് സ്കോളർഷിപ്പ് | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2011 | 400000 | വാണിവിലാസം കുടിവെള്ള പദ്ധതി | 0 | 400000 |
| ജില്ലാ പഞ്ചായത്ത് | 2013 | 200000 | ഖരമാലിന്യ സംസ്കരണം | 0 | 200000 |

## 4-2. ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 17940000 രൂപ വരവുണ്ട്. മുഴുവൻ തുകയും ഓഡിറ്റ് വർഷം വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| 100 വീട് പദ്ധതി | 37473/ ഡി.ബി. 1/14/ ത.സ്വ.ഭ.വ. | 17940000 | ഇല്ല | ഇല്ല | ഇല്ല | 17940000(മുതൽ) 1066271 (പലിശ) ആകെ 19006271 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 മുതൽ 2011-12 വരെ | 03.53.04 | 2006-07 | | വിവിധ പദ്ധതി പൂർത്തീകരണത്തിന് വിവിധഏജൻസികളിൽ പദ്ധതി തുക ഡെപ്പോസിറ്റ് ചെയ്തിട്ട നിക്ഷേപ പദ്ധതികൾ പൂർത്തിയാക്കിയത് സംബന്ധിച്ച് വിനിയോഗ സാക്ഷ്യപത്രവും മോണിറ്ററിങ്ങ് റിപ്പോർട്ടും നാളിതുവരെ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. | നിയമസഭാ സമിതി തെളിവെടുപ്പ് പൂർത്തിയായിട്ടില്ല. ഫയൽ തീർപ്പാക്കിയിട്ടില്ല. |
| | 03.53.02 | 2006-07 | | കന്നുകുട്ടി പരിപാലന പദ്ധതി രേഖകൾ പരിശോധനക്കായി ഹാജരാക്കിയില്ല | |
| | 03.53.03 | 2006-07 | | കുടിവെള്ള ജലസേചന പദ്ധതികളുടെ തുടർചെലവുകൾ തനത് ഫണ്ടിൽ നിന്നും നൽകി | |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 40508054 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 48996703 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 180735 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 389155 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 60000 | ശ്രീമതി ശാന്ത ടി.കെ, പ്രധാനാധ്യാപിക, ജി.എം.യു.പി,എസ്, കുണ്ടഴിയൂർ |
| 3-5 | | 25000 | ശ്രീമതി ശാന്ത ടി.കെ, പ്രധാനാധ്യാപിക, ജി.എം.യു.പി,എസ്, കുണ്ടഴിയൂർ |
| 3-6 | | 42000 | ശ്രീമതി ശാന്ത ടി.കെ, പ്രധാനാധ്യാപിക, ജി.എം.യു.പി,എസ്, കുണ്ടഴിയൂർ |
| 3-7 | | 46775 | ശ്രീ വിവെൻസി.എ.ജെ, കൃഷി ഓഫീസർ, കൃഷി ഭവൻ |
| 3-13 | | 6960 | ഡോ.അഞ്ജലി വിജയൻ, മെഡിക്കൽ ഓഫീസർ, |

| | | | |
|---|---|---|---|
| | | | പി.എച്ച്.സി, വെങ്കിടങ്ങ് |
| ആകെ | | 180735 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 63450 | ശ്രീ വിവെൻസി.എ.ജെ, കൃഷി ഓഫീസർ, കൃഷി ഭവൻ |
| 3-3 | 56100 | ശ്രീമതി ശാന്ത ടി.കെ, പ്രധാനാധ്യാപിക, ജി.എം.യു.പി,എസ്, കുണ്ടഴിയൂർ |
| 3-4 | 32000 | ശ്രീമതി ശാന്ത ടി.കെ, പ്രധാനാധ്യാപിക, ജി.എം.യു.പി,എസ്, കുണ്ടഴിയൂർ |
| 3-7 | 29765 | ശ്രീ വിവെൻസി.എ.ജെ, കൃഷി ഓഫീസർ, കൃഷി ഭവൻ |
| 3-13 | 207840 | ഡോ.അഞ്ജലി വിജയൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, വെങ്കിടങ്ങ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ശാന്ത ടി.കെ, പ്രധാനാധ്യാപിക, ജി.എം.യു.പി,എസ്, കുണ്ടഴിയൂർ | പ്രധാനാധ്യാപിക, ജി.എം.യു.പി,എസ്, കുണ്ടഴിയൂർ | W/o എം.കെ.കൃഷ്ണൻ, മങ്ങന്ത്ര ഹൗസ്, മുല്ലശ്ശേരി പി ഒ, തൃശ്ശൂർ ജില്ല |
| ശ്രീ വിവെൻസി.എ.ജെ, കൃഷി ഓഫീസർ, കൃഷി ഭവൻ | കൃഷി ഓഫീസർ, കൃഷി ഭവൻ, താന്ന്യം | ആലുക്കൽ ഹൗസ്, മുല്ലശ്ശേരി പി ഒ , തൃശ്ശൂർ 680509 |
| ഡോ.അഞ്ജലിവിജയൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, വെങ്കിടങ്ങ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, വെങ്കിടങ്ങ് | W/o വിജിത്ത്, പള്ളിത്താഴത്ത് ഹൗസ്, ഏനാമാക്കൽ പി ഒ, തൃശ്ശൂർ 680510 |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 67-68 | എൽ.എഫ്.ഇ3 (1)/ 6590/ 25.1.74 |
| 81-82 | എൽ.എഫ്.ടി.(എസ് 2) 1130/11/ 26.7.11/20.10.11 |
| 82-83 | |
| 83-84 | |
| 84-85 | |
| 85-86 | എൽ.എഫ്.ഇ(1)/1513/90/10.1.91 |
| 86-87 | എൽ.എഫ്.ഇ(1)/2433/ 91/4.2.92 |
| | |

| | |
|---|---|
| 87-88, 89-90,90-91 | എൽ.എഫ്.ഇ (1)/197/94/8.3.94 |
| 91-92 | എൽ.എഫ്.ഇ3(1)/ 1554/93/15.2.94 |
| 92-93 | എൽ.എഫ്.ടി.18- 1172/2000/19.9.2000 |
| 93-94 | എൽ.എഫ്.ടി.18-1111/ 2000/2.11.2000 |
| 94-95 | എൽ.എഫ്.ടി.18- 1167/2000/8.11.2000 |
| 95-96 | എൽ.എഫ്.ടി.18- 01/12/2000/8.11.2000 |
| 96-97 | എൽ.എഫ്.ടി.11- 548/98/2.11.98 |
| 97-98 | എൽ.എഫ്.ടി.15-8/2000/ 6.6.2000 |
| 98-99 (വരവ്) | എൽ.എഫ്.ടി.15- 1443/02/ 27.9.02 |
| 98-99 ( ചെലവ്) | എൽ..എഫ്.ടി.18- 1/5.8.2001 |
| 99-00 | എൽ.എഫ്.ടി.18- 165/2002/27.9.2002 |
| 2000-01 | എൽ.എഫ്.ടി.18-500/04/ 30.9.04 |
| 01-02 | എൽ.എഫ്.ടി.18- 506/04/ 30.9.04 |
| 02-03 | എൽ.എഫ്.ടി.18-1744/04/ 2.11.04 |
| 03-04 | എൽ.എഫ്.ടി.18-1514/05/ 17.1.06 |
| 04-05 | എൽ.എഫ്.ടി.15-289/07/ 16.3.07 |
| 05-06 | എൽ.എഫ്.ടി.15- 2011/08/ 14.9..09 |
| 06-07 | എൽ.എഫ്.ടി.15-236/10/ 6.9.2010 |
| 07-08 | എൽ.എഫ്.ടി.15- 237/10/ 6.9.2010/14.2.11 |
| 08-09 | എൽ.എഫ്.ടി.പി(1)- 2103/12/6.2.13 |
| 09-10 | എൽ.എഫ്.ടി.പി(1)- 2103/12/6.2.13 |
| 10-11 | എൽ.എഫ്.ടി.പി.(1)- 2103/12/6.2.13 |
| 11-12 | എൽ.എഫ്.ടിപി(1)- 983/13/11.2.14/1.4.14 |
| | |

| | |
|---|---|
| 12-13 | എൽ.എഫ്.ടി.പി(5)- 1540/14/2.2.15 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ(പി5)-732/15 21/8/15/14.10.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി5)1149/2016 16.07.16/30.07.16 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ടി.എസ്.ആർ(പി.5)2129/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ -680 020

തീയതി: 05.12.2016

ഫോൺ 0487 2331249

email: dotsr.ksad@keralagov.in

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

No.K.S.A.T.S.R(P.5)2129/2016

Kerala State Audit Department.

District Audit Office,

Thrissur – 680 020
Ph: 0487 2331249
email: dotsr.ksad@keralagov.in

Dated: 05.12.2016

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Venkitangu Grama Panchayat in Thrissur District for the year ended on 31.3.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made thereunder and the guidelines issued by the Comptroller & Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the financial Statements of Venkitangu Grama Panchayat for the year 2015-16, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director,

District Audit Office
Thrissur